എഴുത്തുകാരുടെ രചനകൾ ശേഖരിച്ച് ഭാവി തലമുറയ്ക്ക് ഉപകാരമാകുന്ന വിധം ഒരു ഡോക്യുമെന്റേഷൻ സെന്റർ അക്കാദമിയിൽ പ്രവർത്തിക്കുന്നു.

### അർണോസ് മ്യൂസിയം ഫോട്ടോ ഗാലറി

അർണോസ് പൈതൃകങ്ങൾ സംരക്ഷിച്ച് വരും തലമുറക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ, ഓഡിയോ - വീഡിയോ ഡോക്യുമെന്റേഷൻ, പത്രവാർത്താശേഖരം, പുത്തൻ പാനാവതരണം, ചിത്രപ്രദർശനം തുടങ്ങിയവ ഇവിടെ നടത്തുന്നു.



അർണോസ് പാതിരി ഉപയോഗിച്ച വിളക്ക്



പുത്തൻപാന താളിയോല ഗ്രന്ഥം

### അർണോസ് കവിതാരാമം

അർണോസ് കവിതകളെ കുട്ടികൾക്ക് പരിചയപ്പെടുത്താനും വായനാശീലം വളർത്താനും ജനകീയകാവ്യമായ പുത്തൻപാന പ്രചരിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്നു.

### അർണോസ് പാതിരി ഫോക്‌ലോർ ക്ലബ്ബ്

കേരള ഫോക്‌ലോർ അക്കാദമിയുടെ സഹകരണത്തിൽ നാട്ടറിവുകളേയും നാടൻ കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഈ ക്ലബ്ബിലൂടെ നടന്നു വരുന്നു.

### അർണോസ് അക്കാദമിയിൽ ലഭ്യമായ പുസ്തകങ്ങൾ

1. പുത്തൻപാന
2. അർണോസ് പാതിരിയുടെ കാവ്യങ്ങൾ
3. അർണോസ് പാതിരി - ഒരു പഠനം
4. അർണോസ് പാതിരി - മലയാളത്തിന്റെ സൂര്യതേജസ്
5. അർണോസ് പാതിരി - മലയാള സാഹിത്യത്തിലെ മഹാമനീഷി
6. ജോൺ കള്ളിയത്ത് - അർണോസ് സ്മാരകങ്ങളുടെ പോരാളി
7. അർണോസായി തീർന്ന ഏണസ്റ്റ് ഹാങ്സ്ലേഡൻ
8. Ernst Hanxleden : Linguist Par Excellence
9. Arnos Pathiri : The Pioneer Indologist and Forunner of Kerala Renaissance
10. Arnos Padiri : The First Malayalam Poet Scholar Orientalist
11. History of Jesuits in Kerala
12. പണിയപ്പെരുമ - വംശീയ സംഗീത പഠനം

NB: പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് അയച്ചുകൊടുക്കുന്നതാണ്



അർണോസ് പാതിരി നിർമ്മിച്ച വേലൂരിലെ ദേവാലയം - 1712

**- കൂടുതൽ വിവരങ്ങൾക്ക് -**


ഡയറക്ടർ
അർണോസ് പാതിരി അക്കാദമി
വേലൂർ പി.ഒ., തൃശ്ശൂർ - 680 601, കേരളം

Email: arnospadiriacademy@gmail.com
Phone : +91 9495 319 275, +91 9074 295 436 (G Pay)


വഴി : കേച്ചേരി - വടക്കാഞ്ചേരി റോഡിൽ
വേലൂർ സെന്റ് ഫ്രാൻസീസ് സേവ്യർ ദേവാലയം സ്റ്റോപ്പ്
കേച്ചേരിയിൽ നിന്ന് 6 KM
ഷൊർണൂർ - വടക്കാഞ്ചേരി റോഡിൽ കുറാഞ്ചേരിയിൽ നിന്ന് 8 KM

# അർണോസ് പാതിരി അക്കാദമി

## ഗവേഷണ കേന്ദ്രം



**അർണോസ് പാതിരി**
ജോൺ ഏണസ്റ്റ് ഹാങ്സ്ലേഡൻ എസ്.ജെ.
1681 - 1732

- റഫറൻസ് ലൈബ്രറി
- ഗവേഷണം - പ്രസിദ്ധീകരണം
- അർണോസ് പാതിരി ചെയർ
- ഹെറിറ്റേജ് മ്യൂസിയം - ഫോട്ടോ ഗാലറി
- ക്രിസ്ത്യൻ സ്റ്റഡി സെന്റർ
- സാഹിത്യ - സാംസ്കാരിക പ്രവർത്തനം
- അർണോസ് കവിതാരാമം
- ഫോക്‌ലോർ പ്രവർത്തനം


**അർണോസ് പാതിരി അക്കാദമി**
എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്
രജി. നമ്പർ : 125/17

അർണോസ് നഗർ, വേലൂർ, തൃശ്ശൂർ - 680 601

arnospadiriacademy@gmail.com
www.arnosacademy.com

+91 9495 319 275, 9074 295 436

## അർണോസ് പാതിരി

മലയാളഭാഷയ്ക്കും സംസ്കാരത്തിനും നിസ്തുല സംഭാവനകൾ നല്കിയ മഹാകവിയാണ് അർണോസ് പാതിരി. ഭാഷാശാസ്ത്രജ്ഞൻ, വൈയ്യാകരണൻ, നിഘണ്ടു നിർമ്മാതാവ്, ഇൻഡോളജിസ്റ്റ്, നവോത്ഥാന നായകൻ, മിഷനറി എന്നീ നിലകളിൽ ജനഹൃദയങ്ങളിൽ ഈ മഹാത്മാവ് സ്ഥാനം പിടിച്ചിരിക്കുന്നു. മലയാളത്തിന്റെ ആദ്യവിലാപകാവ്യം (ഉമ്മാടെ ദുഃഖം), ആദ്യ ഖണ്ഡകാവ്യം (ജനോവപർവ്വം) ആദ്യ ജീവചരിത്രകാവ്യം (ഉമ്മാപർവ്വം) തുടങ്ങി മലയാള സാഹിത്യത്തിൽ നവീന മാതൃകകൾ നൽകിയ മനീഷിയാണ് അർണോസ് പാതിരി. ആത്മീയതയ്ക്ക് നവഭാവുകത്വം നൽകി ക്രൈസ്തവപ്രമേയങ്ങൾ സാഹിത്യത്തിലവതരിപ്പിച്ച സദ്ഗുരുവും പാതിരിയാണ്.

## അർണോസ് പാതിരി അക്കാദമി

അർണോസ് പാതിരിയുടെ സാഹിത്യ-സാംസ്കാരിക-ആത്മീയ ദർശനങ്ങൾ പൊതുസമൂഹത്തിലവതരിപ്പിക്കുന്നതിലൂടെ, ലോകമാനവികതയുടെ വികാസത്തിനും സംസ്കാരിക ഉന്നതിക്കും യുവതയുടെ അക്കാദമിക് - ധൈഷണിക പുരോഗതിക്കും അനുയോജ്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കുക എന്നതാണ് അർണോസ് പാതിരി അക്കാദമിയുടെ ലക്ഷ്യം.



വേലൂരിലെ അർണോസ് ഭവനം

തൃശ്ശൂർ ജില്ലയിൽ വേലൂരിൽ 1994 ൽ ആരംഭിച്ച അക്കാദമിയുടെ നേതൃത്വം വഹിക്കുന്നത് കേരള ജസ്വിറ്റ് സൊസൈറ്റിയാണ്.

പഠനഗവേഷണങ്ങൾക്കും, സെമിനാറുകൾ, ശില്പശാലകൾ, ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നതിനും അർണോസ് പാതിരി അക്കാദമിയിൽ സൗകര്യം ഉണ്ട്.




അർണോസ് പാതിരി രചിച്ച സംസ്കൃത വ്യാകരണം - ഗ്രമാറ്റിക്ക ഗ്രന്ഥോണിക്ക

## അർണോസ് അക്കാദമി പ്രവർത്തനങ്ങൾ

### റഫറൻസ് ലൈബ്രറി

അർണോസ് സാഹിത്യം, മലയാള സാഹിത്യം, ചരിത്രം, സംസ്കാരം, ഫോക്‌ലോർ, അത്മീയത തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണത്തിനുതകുന്ന പുസ്തകശേഖരം ഈ ലൈബ്രറിയിൽ ഉണ്ട്.

### അർണോസ് പാതിരി ചെയർ

വിദ്യാർത്ഥികളിൽ മാതൃഭാഷാ സ്നേഹം വളർത്തുക, ഗവേഷണം പ്രോത്സാഹിപ്പിക്കുക, അർണോസ് പാതിരിയെ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഇരുപത് കോളേജുകളിൽ മലയാള വിഭാഗവുമായി സഹകരിച്ച് അർണോസ് പാതിരി ചെയർ പ്രവർത്തിക്കുന്നു.

### ഗവേഷണം

അർണോസ് സാഹിത്യത്തിലും ഇതര വിഷയങ്ങളിലും നിരവധി വിദ്യാർത്ഥികൾ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശവും സൗകര്യങ്ങളും അക്കാദമിയിൽ ചെയ്തു വരുന്നു.

### പ്രസിദ്ധീകരണ വിഭാഗം

അർണോസ് ദർശനങ്ങളെ പ്രകാശിപ്പിക്കുന്ന നിരവധി പഠനങ്ങളും അവയുടെ പ്രസിദ്ധീകരണങ്ങളും അക്കാദമിയിൽ നടക്കുന്നുണ്ട്. ഗവേഷകർക്ക് തങ്ങളുടെ രചനകൾ പ്രസിദ്ധീകരിക്കാനുള്ള സൗകര്യവും അക്കാദമിയിൽ ഉണ്ട്.

### സമദർശനവേദി

വേലൂർ കേന്ദ്രമായി 2015 മുതൽ പ്രവർത്തിക്കുന്ന സാമൂഹ്യ - സാഹിത്യ - സാംസ്കാരിക കൂട്ടായ്മയാണിത്.

### അർണോസ് ഫോറം

തൃശ്ശൂർ കേന്ദ്രമായി 2015ൽ ആരംഭിച്ച ഈ സംരംഭം, അർണോസ് പാതിരിയുമായി ബന്ധപ്പെട്ട നിരവധി സാമൂഹ്യ-സാഹിത്യ-സംസ്കാരിക വിഷയങ്ങളിൽ സജ്ജീവമായി ഇടപെട്ട് പ്രവർത്തിച്ചുവരുന്നു

### ക്രിസ്ത്യൻ സ്റ്റഡി സെന്റർ

ക്രൈസ്തവ സാഹിത്യത്തെയും എഴുത്തുകാരെയും പ്രോത്സാഹിപ്പിക്കുന്ന കേന്ദ്രമാണിത്.



അർണോസ് പാതിരി ചെയർ ഉദ്ഘാടനം
സെന്റ് തോമസ് കോളേജ്, പാല